# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.904** | **04.03.2020-ൽ മറുപടിക്ക്**

## ഇതരസംസ്ഥാന തൊഴിലാളിക്കായുള്ള ക്ഷേമ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു. ആർ. പ്രദീപ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം അറിയിക്കാമോ; | (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും ഇൻഷ്വറൻസ് പരിരക്ഷയും ലക്ഷ്യംവച്ച് തൊഴിൽ വകുപ്പ് നടപ്പിലാക്കി വരുന്ന ആവാസ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ 27.02.2020 വരെ 5,07,246 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്ട്രേഷൻ നടപടികൾ തുടർന്നു വരികയാണ്. കൂടാതെ കുടിയേറ്റത്തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 31.01.2020 വരെ 55520 ഇതര സംസ്ഥാന തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളും നടപടികളുമാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ; | (ബി) ഇതര സംസ്ഥാന തൊഴിലാളികളുടെ ക്ഷേമത്തിനായി "ആവാസ്", "അപ്നാഘർ", കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി എന്നിവ തൊഴിൽ വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കിവരുന്നു. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് ആവാസ് പദ്ധതിയുടെ പരിധിയിൽ വരുന്നത്. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ "ആവാസ്"-ൽ അംഗമായിട്ടുള്ള തൊഴിലാളികൾക്ക് 25,000/- രൂപയുടെ ആരോഗ്യ ഇൻഷ്വറൻസും ആശ്രിതർക്ക് 2,00,000/- രൂപയുടെ അപകടമരണ ഇൻഷ്വറൻസും ഉൾപ്പെടുത്തിയിട്ടുണ്ട്. ചികിത്സാ പരിധിയിൽ പ്രസവ സംബന്ധമായ ചികിത്സ കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ അപകടം മൂലമുണ്ടാകുന്ന അംഗവൈകല്യത്തിന് 1 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് പരിരക്ഷയും വ്യവസ്ഥചെയ്യുന്നു. |

ഇതര സംസ്ഥാന തൊഴിലാളികൾക്കു വേണ്ടി തൊഴിൽ വകുപ്പിന് കീഴിലുള്ള ഭവനം ഫൗണ്ടേഷൻ കേരള നടപ്പാക്കിവരുന്ന ഭവന പദ്ധതിയാണ് "അപ്നാഘർ". ഹോസ്റ്റൽ രീതിയിലുള്ള പാർപ്പിട സമുച്ചയമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്.

കേരള അന്തർ സംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം ചികിത്സാ ധനസഹായം, അപകട ധനസഹായം, മരണാനന്തര ധനസഹായം, കേരളത്തിൽ വച്ച് മരണപ്പെടുന്ന തൊഴിലാളികളുടെ മൃതദേഹം സ്വദേശത്ത് എത്തിക്കുന്നതിനുള്ള ധനസഹായം, ആശ്വാസ ധനസഹായം, ടെർമിനൽ ബെനഫിറ്റ്, വിദ്യാഭ്യാസ ഗ്രാന്റ്, പ്രസവ ധനസഹായം എന്നിവ നൽകിവരുന്നു. ഈ പദ്ധതി നടപ്പാക്കുന്നത് കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേനയാണ്. സംസ്ഥാനത്തിനകത്തുവച്ച് മരണമടയുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ (കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാണെങ്കിലും അല്ലെങ്കിലും) മൃതദേഹം സ്വദേശത്തേക്കു കൊണ്ടുപോകുന്നതിനുള്ള ചെലവ് വഹിക്കുന്നതിനായി ജില്ലാ ലേബർ ഓഫീസർമാർക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ആരോഗ്യ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന വ്യാപകമായി ബോധവൽക്കരണ ക്ലാസ്സുകളും മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ ജോലി, ബാങ്കിംഗ്, ആരോഗ്യം, യാത്ര സംബന്ധമായ ആവശ്യങ്ങൾ എന്നിവയിൽ മാർഗ്ഗ നിർദ്ദേശം നൽകുന്നതിനും അവർക്ക് അർഹതപ്പെട്ട നിയമ പരിരക്ഷയെക്കുറിച്ച് ബോധവത്ക്കരിക്കുന്നതിനും ഇടനിലക്കാരുടെ തൊഴിൽ ചൂഷണം ഒഴിവാക്കാനും സേവനവേതന വ്യവസ്ഥകൾ സംബന്ധിച്ചുണ്ടാകുന്ന പരാതികളിൽ പരിഹാരം കാണുന്നതിനുമായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ "ശ്രമിക് ബന്ധു" എന്ന പേരിൽ ഫെസിലിറ്റേഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്.

| | |
|---|---|
| (സി) ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളും പരിസര പ്രദേശങ്ങളും ശുചിത്വം ഉള്ളതാണെന്ന് ഉറപ്പുവരുത്തുന്നതിന് ആരോഗ്യ - തദ്ദേശ സ്വയം ഭരണ വകുപ്പുകളുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) ഇതരസംസ്ഥാനത്തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിലും തൊഴിലിടങ്ങളിലും തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഇൻസ്പെക്ടർമാർ പരിശോധനകൾ നടത്തുകയും സാംക്രമിക രോഗങ്ങൾ പടരുന്നത് തടയുന്നതിനും വ്യക്തി ശുചിത്വം പാലിക്കുന്നതിനുമുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഇതരസംസ്ഥാന തൊഴിലാളികൾക്കായി മെഡിക്കൽ ക്യാമ്പുകൾ, ബോധവത്ക്കരണ ക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നുണ്ട്. ലഹരി നിർമ്മാർജ്ജനം, ആരോഗ്യ ശുചിത്വ പരിപാലനം എന്നീ വിഷയങ്ങളിൽ വിദഗ്ധർ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.